പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1503 — 13.07.2011-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിൻെറ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം എത്ര നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട് ; | (എ) | 85 നിയോജക മണ്ഡലങ്ങളിൽ : |
| (ബി) | ഇനി എത്ര മണ്ഡലങ്ങളിൽ നടപ്പാക്കാനുണ്ട് ; | (ബി) | 55. |
| (സി) | ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | 2012 സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വൈദ്യുതീകരണം പൂർത്തിയായ 85 നിയോജകമണ്ഡലങ്ങൾ ബോർഡിൻെറ തനതുഫണ്ടും, എം. എൽ. എ. ഫണ്ട്, എം. പി ഫണ്ട്, പഞ്ചായത്ത് ഫണ്ട് തുടങ്ങിയ മറ്റു ഫണ്ടുകളും ഉപയോഗിച്ചാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയത്. എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി ഒരു കോടി രൂപ വരെ) ബോർഡ് ഫണ്ടിൽ നിന്നും ലഭ്യമാക്കിയിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള ആർ. ജി. ജി. വി. വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ ആദ്യഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

വടക്കൻ കേരളത്തിലെ ആറു ജില്ലകളിൽ ഈ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. തെക്കൻ കേരളത്തിലെ ജില്ലകളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 83.48 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്നും തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.